"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അടുത്ത കാലത്തുണ്ടായ ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എം) വകുപ്പ്**

സ.ഉ.(കൈ) നം.128/2026/HOME    തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ DVACB/4320/2026-T2 നമ്പർ കത്ത്.

2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 07.07.2026-ലെ 88/2026/ DGP&SPP നമ്പർ കത്ത്

**ഉത്തരവ്**

കേരളാ പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ചിഫ് തസ്തികളിലേക്കുള്ള പരീക്ഷാ മൂല്യനിർണ്ണയത്തിലെ ക്രമക്കേട് ആരോപിച്ച് ലഭിച്ച പരാതികൾ സംബന്ധിച്ച് ആരോപണവിധേയർക്കെതിരെ കൂടുതൽ അന്വേഷണം നടത്തേണ്ടത് അനിവാര്യമാകയാൽ, 1988-ലെ അഴിമതി നിരോധന നിയമം സെക്ഷൻ 17 എ പ്രകാരമുള്ള അന്വേഷണ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2. മേൽ വിഷയത്തിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ പരാമർശം (2) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെയ്തു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അടുത്ത കാലത്തുണ്ടായ ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുവാൻ ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സംസ്ഥാന പോലീസ് മേധാവി ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതും അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
എ.ഡി.ജി.പി ക്രൈം ബ്രാഞ്ച് (സംസ്ഥാന പോലീസ് മേധാവി മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് ( OA ഇനം. നം. 72 പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (എം3/216/2026/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്
2. ബഹു. ആഭ്യന്തര വിജിലൻസ് കയർ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
3. ഓഫീസർ ഓൺ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
4. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്